പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2568 | 18.06.2014 ലെ മറുപടിക്ക്

"സ്വയംപര്യാപ്ത ഗ്രാമം"

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| "സ്വയംപര്യാപ്തഗ്രാമം" പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ നടന്നു വരുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ? | 1) 2012- 13 സാമ്പത്തികവർഷം കണ്ണൂർ ജില്ലയിൽ കണ്ണൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള സമാജ്‌വാദി കോളനിയിൽ റോഡ് നിർമ്മാണം, ഓട നിർമ്മാണം, നഴ്സറി പുനരുദ്ധാരണം, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>2) അഴീക്കോട് നിയോജകണ്ഡലത്തിലെ പാറയ്ക്കൽ കോളനിയിൽ റോഡ് നിർമ്മാണം, ഓട നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവർത്തികൾ പുരോഗമിക്കുന്നു.<br><br>3) കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത ഏഴിലോട് കോളനിയിൽ, വീട് പുനരുദ്ധാരണം, കുഴൽകിണർ നിർമ്മാണം, സെമിത്തേരി നവീകരണം, കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്നിവ പുരോഗമിക്കുന്നു. റോഡ് ടാറിംഗ് പൂർത്തിയായിട്ടുണ്ട്.<br><br>4)പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കേളോത്ത് കോളനിയിൽ ഫുട്പാത്ത് കോൺക്രീറ്റ്, ഓട നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. സെമിത്തേരി പുനരുദ്ധാരണത്തിൽ സീലിംഗ് വർക്ക് പൂർത്തിയായിട്ടുണ്ട്. കലുങ്ക് നിർമ്മാണം, വീട് പുനരുദ്ധാരണം എന്നീ വർക്കുകൾ പുരോഗമിക്കുന്നു. സോളാർ പാനലിന്റെ വർക്ക് ആരംഭിച്ചിട്ടില്ല.<br><br>5)തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ പാവന്നൂർ വള്ളുവ കോളനിയിൽ കോളനി റോഡ് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ശ്മശാനത്തിലേയ്ക്കുള്ള റോഡ് നിർമ്മാണം, ശ്മശാന നവീകരണം, കോളനി റോഡ് റീ ടാറിംഗ് എന്നിവ പൂർത്തിയായിട്ടുണ്ട്. വള്ളുവൻ കോളനി ലൈബ്രറി ബിൽഡിംഗിന്റെയും കോമ്പൗണ്ട് വാളിന്റെയും നിർമ്മാണം, ഇടയിലക്കടവ് ലൈബ്രറി നിർമ്മാണം എന്നിവ ആരംഭിച്ചിട്ടില്ല.<br><br>2013 -14 സാമ്പത്തികവർഷം അഴീക്കോട് നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത തുരുത്തി കോളനിയുടെയും കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത മൂലയ്ക്കൽ കോളനിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ഏജൻസികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ